MARCH
22
2018

Lantern

Mary Matha Arts & Science College, Mananthavady
www.marymathacollege.org
Accredited by NAAC with A Grade

Vol. 5
Issue 1

*A lab newspaper published by II Semester Functional English students under the auspices of the Dept. of Journalism*

## Campus roundup

### College magazine released

Noted poet K T Haris released *Mananthavady Junction*, annual magazine of the college, on Feb 13. Dr Joseph K Job, staff editor and Subin Raj, student editor, were present at the function.

### Ms Nirmala defends PhD thesis

Ms Nirmala Borgia, Associate Prof, Dept of Zoology, successfully defended her PhD thesis on Feb 23 at the Dept of Zoology, Kerala University. Her study was on the biological control of pests . The Syndicate of Kerala University will soon formally award the PhD.

### *Schollege* launched

Dept of English launched its extension programme, *schollege* at GHSS Kartikulam. Selected students of the Dept will engage classes at the school.

### Exams rescheduled

Semester exams of Kannur University are rescheduled. II, IV and VI semester exams are postponed to April 25, April 18 and March 27 respectively.

# Revamp democratic system: Pavithran Theekkuni

**Campus**: Education should not be merely meant for acquiring degrees and diplomas rather it should foster real values and equip students to face the challenges in life, said noted poet Pavithran Theekkuni.

He was inaugurating the Union activities of the college. Students should revamp the democratic systems in the college and be more creative in building better support systems.

Pursuing higher education was my dream but I could not complete it because of financial problems. I had to carry out several manual jobs to raise money for meeting the expenses for education, Pavithran narrated his ordeals of his college days.

A few years back I was digging the road side in front of Mary Matha College for laying the fiber optical cable and today I am being invited to inaugurate your College Union, Pavithran told students.



***I hereby declare that...*** *Oath taking ceremony of the members of the College Union*

Principal Dr Savio James administered the oath of office to Vishnu K, the chairman designate. Subsequently, chairman of the college administered the oath to other office bearers of the College Union.

Dr Rajiv Thomas, students' union advisor, welcomed the gathering. Dr Joseph K Job, Associate Professor of Malayalam, Sanoop Devassia, member of the outgoing college union and Anilda Ann Saji, Vice Chairperson, spoke on the occasion.

A variety entertainment programme was presented in the afternoon by the students. The union also served lunch for all the staff and students as part of the inauguration of union activities.

***Preenu & Neena***

## *Sahapadikkoru Kaithang*

**Campus**: College Union has decided to construct a house for the most deserving student of the college. Named as *sahapadikkoru kaithang* (helping hand to the classmate) is part of its extension activity for the year, said Vishnu K, chairperson of the union.

We are planning to raise 3-4 lakh rupees from students, staff and well-wishers to meet the expenses for the project, the first of its kind in the college. Students volunteers will spare their time during summer vacation for the construction of the house, the chairman added.

***-Shakkeela & Varun***

# New Leaders…New Dreams…

**Campus:** In a keenly fought election, Vishnu K (III BSc Maths) was elected chairman of the college union. The election was held on August 30, 2017 in the parliamentary mode where representatives from each class elected the members of the union. The election was contested without party politics.

The Union election was held peacefully under the leadership of the returning officer Dr Rajiv Thomas. The following are the elected office bearers of the college union: Anilda Anne Saji (Vice Chairperson), Navaneeth K B (General Secretary), Christeena Sabu (Joint Secretary), Visakh P D (UUC), Ajay Babu (Fine Arts Secretary), Thejaswini M C (Student Editor) and Ajay M S (General Captain).

Secretaries of Associations: Neena Varkey (English), Shamila A (Maths), Prince Babu (Zoology), Shamila A (Maths), Aswathimol (BCom), Rinson Babu M (Computer Science), Ajilal P A (Physics) and Anagha Shaji (Chemistry).

The students, led by the newly elected office bearers of the union, took out a procession to mark the victory.

***-Shakkeela & Varun***



**Vishnu K (Chairman)**



**Anilda Anne Saji (Vice Chairperson)**



**Navaneeth K B (General Secretary)**



**Visakh P D (UUC)**

# Better to burn out than rust: Fr Myladoor

**Campus**: Rev Fr George Myladoor, former vicar of St Joseph's Cathedral Church, Kaniyaram, took charge as the new manager of the college from May 2017. A dynamic priest and builder of several land mark churches and buildings in the Diocese of Mananthavady has already begun the task of furthering the infrastructure of the college.

It is better to burn out than rust out, said Fr George Myladoor while addressing the staff of the college in the beginning of the academic year. We will be better remembered by the community for burning out our talents and skills, he added.

Fr Myladoor had previously served the college as its bursar and has returned to the college after a gap of 10 years. He has a clear vision for the college both for the short and long terms. It should



***Rev Fr George Myladoor***

become an autonomous college with many PG and research programmes.

The construction for the library cum auditorium will soon commence and it is expected to be complete before the NAAC visit in February 2019.

Rev Fr Chandy Punakattu, former manager of college, was given a farewell by the college community in March 2017. He presently serves as the parish priest of St Mary's Forane Church, Mullankolly.

***-Akhil Benny***

## മധുവും മാധ്യമങ്ങളും

പരിഷ്കൃതരെന്നും വിദ്യാസമ്പന്നരെന്നും അവകാശപ്പെടുന്ന കേരളീയർക്ക് വലിയ അഭിമാനക്ഷതമുണ്ടാക്കിയ സംഭവമാണ് അട്ടപ്പാടിയിൽ മധു എന്ന ആദിവാസി യുവാവിനുനേരെയുണ്ടായ അതിക്രമവും മധുവിന്റെ മരണവും. അക്ഷരാർത്ഥത്തിൽ കേരളജനതയെ ഞെട്ടിച്ച ഒരു സംഭവമായി അത്. ആദിവാസികളടക്കമുള്ള അധ:സ്ഥിത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പലതും അവഗണിക്കുകയോ തമസ്ക്കരിക്കുകയോ ചെയ്യാറുള്ള നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ ഈ സംഭവത്തെ അതർഹിക്കുന്ന പ്രാധാന്യത്തോടെ അവതരിപ്പിക്കുകയും ജനമധ്യത്തിൽ ചർച്ചകൾക്കു വിധേയമാക്കുകയും ചെയ്തു. വലിയ സംവാദങ്ങളും ചർച്ചകളും കെങ്കേമമായി നടന്നു. ഈ സംഭവത്തിൽ പ്രതിസ്ഥാനത്ത് ആരെയെങ്കിലും ചിലരെ പ്രതിഷ്ഠിക്കാനോ ആർക്കെങ്കിലും എതിരായി മാത്രം വിരൽ ചൂണ്ടാനോ കഴിയുകയില്ല. ഒരു ക്രിമിനൽ കേസായി അവസാനിപ്പിക്കേണ്ട ഒന്നല്ല ഈ വിഷയം.

നമ്മളെല്ലാം ഉൾപ്പെട്ട ഈ പൊതുസമൂഹം ഈ വിഷയത്തിൽ കുറ്റവാളികളാണ്. ആ മനുഷ്യൻ നീ തന്നെ എന്ന ഒരു വിരൽ നമുക്കെതിരെയും വരുന്നു.മുഖ്യധാരാ സമൂഹം മുഴുവൻ ഒറ്റയടിയ്ക്ക് വിചാരണ ചെയ്യപ്പെട്ട ഈ സംഭവത്തിന് ഇത്രയേറെ പ്രാധാന്യം ലഭിച്ചതിനു പിന്നിൽ ഫെയ്സ് ബുക്ക്, വാട്സ്പ്പ് പോലെ നവമാധ്യമങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. സ്വന്തം സഹോദരന്റെ മരണത്തിനുത്തരവാദികളായവരെ കണ്ടെത്താൻ മാസങ്ങളോളം സത്യാഗ്രഹമനുഷ്ഠിച്ച ശ്രീജിത്തിനെ ജനശ്രദ്ധയിലേയ്ക്കു കൊണ്ടുവന്നതും സമൂഹമാധ്യമങ്ങളായിരുന്നു.

നിരാലംബരുടേയും ഒറ്റപ്പെട്ടവരുടെയും ആദിവാസികളടക്കമുള്ള അധ:സ്ഥിതരുടേയും കൂടെ എന്നും എക്കാലവും ഈ സമൂഹമാധ്യമങ്ങൾ ചേർന്നു നിൽക്കുമോ?ഫെയ്സ്ബുക്കിലും വാട്സാപ്പിലും നിറഞ്ഞുകവിയുന്ന ഈ രോഷ പ്രകടനങ്ങൾക്ക് എത്ര ആയുസ്സുണ്ടാകും? പുതിയ കൗതുക വാർത്തകൾ വരുമ്പോൾ, പുതിയ ചർച്ചാവിഷയങ്ങൾ വരുമ്പോൾ ശ്രീജിത്തും മധുവുമൊക്കെ മറവികളിലേയ്ക്ക് ഓടിയൊളിക്കുമായിരിക്കും എന്നതു തീർച്ച.

കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസി ജനസാന്ദ്രതയുള്ള പ്രദേശമായ വയനാട്ടിൽ എത്ര മധുമാർ ഉണ്ടാകും? ഭൂമിയ്ക്കു വേണ്ടി, അവകാശങ്ങൾക്കുവേണ്ടി, അന്നത്തിനുവേണ്ടി, വസ്ത്രത്തിനു വേണ്ടി നിലവിളിക്കുന്ന എത്രയെത്ര മനുഷ്യർ! സ്വതന്ത്രവും സ്വച്ഛന്ദവുമായി വനാന്തരങ്ങളിൽ ജീവിച്ച ആ കാലത്തേയ്ക്ക് ഇനിയൊരുപിൻമടക്കം ആ ജനവിഭാഗങ്ങൾക്ക് ഇനി സാധ്യമല്ല. കടന്നുപോയ തിരഞ്ഞെടുപ്പുകൾ അവശിഷ്ടമാക്കിവച്ച നിറവേറപ്പെടാത്ത വാഗ്ദാനങ്ങളിൽ സ്വപ്നം കണ്ട് ഇന്നും കാത്തിരിക്കുന്ന ആദിവാസി സമൂഹത്തിന് കയ്യിൽപ്പിടിക്കാനാകെയുള്ളത് കറ്റടിച്ചാൽ തകരുന്ന കുടിലുകളും പെറുക്കികൂട്ടാനുള്ള സമ്പത്തുമാണ്. ചൂഷണത്തിന് വിധേയരാക്കപ്പെട്ട ആനപ്പാറയിലെ ബാലകൃഷ്ണനും ഇരുളത്തെ നാരായണിയും അടങ്ങുന്ന നീണ്ടപട്ടികയുടെ അവസാനത്തെ കണ്ണിയാണോ മധു?

> **നമ്മളെല്ലാം ഉൾപ്പെട്ട ഈ പൊതുസമൂഹം ഈ വിഷയത്തിൽ കുറ്റവാളികളാണ്. ആ മനുഷ്യൻ നീ തന്നെ എന്ന ഒരു വിരൽ നമുക്കെതിരെയും വരുന്നു**

ഇരുണ്ട മുറിയിൽ ചുരുണ്ടുകൂടികിടന്നിരുന്ന ആദിവാസികൾക്ക് ശബ്ദം നൽകിയ സംഘടനകളും അവരുടെ പ്രവർത്തനങ്ങളും മന്ദീഭവിച്ച മട്ടാണ്. മാധ്യമങ്ങൾ, മുഖ്യധാരാ പത്രമാധ്യമങ്ങളായാലും, സമൂഹ മാധ്യമങ്ങളായാലും മനുഷ്യരുടെ ജീവിതത്തിലെ സങ്കടങ്ങളുടെ പുറകെയായിരിക്കട്ടെ സഞ്ചരിക്കുന്നത്. അത് ഹ്യസ്വകാല കൗതുകങ്ങളായോ രാച്ചർച്ചാവിഷയങ്ങളോ മാത്രമായി അവസാനിക്കാതിരിക്കട്ടെ.

**ആൽബിൻ & വിഷ്ണു**

**Editorial Board**

Staff Editor : Dr P P Shaju
Editorial Assistance : Dr Joseph K Job
Student Editors : Albin Sebastian, Ann Maria, Mary James & Vishnu P V
Typesetting : Bibin Thomas
Design & Layout : Libin A O, Co-op Press Mtdy
Photos : Jose Augustine

# കോളേജിൽ യൂണിഫോം വേണം: അഭിപ്രായ സർവ്വേ

- മാതാപിതാക്കൾ ആലോചിച്ചുറപ്പിച്ചുള്ള വിവാഹം പെൺകുട്ടികൾക്ക് കൂടുതൽ സ്വീകാര്യം
- മിശ്രവിവാഹത്തിന് ആൺകുട്ടികളുടെ പച്ചക്കൊടി
- 42% വിദ്യാർത്ഥികൾ ദിവസേന രണ്ട് മണിക്കൂറിൽ കൂടുതൽ സമൂഹ മാധ്യമങ്ങളിൽ ചിലവഴിക്കുന്നു
- രാഹുൽ ഗാന്ധി ഭാവി പ്രധാനമന്ത്രി, നരേന്ദ്ര മോദി ഏറെ പിന്നിൽ

**ക്യാമ്പസ്:** മേരി മാതാ കോളേജിലെ ബിരുദവിദ്യാർത്ഥികളിൽ നടത്തിയ അഭിപ്രായ സർവ്വേയിൽ മൂന്നിൽ രണ്ട് വിദ്യാ ർത്ഥികളും കോളേജിൽ യൂണിഫോം വേണമെന്ന അഭിപ്രായമുള്ളവരാണ്. മറിച്ച് അഭിപ്രായപ്പെട്ടവർ കേവലം 30% വിദ്യാർത്ഥികൾ മാത്രമാണ്. എന്നാൽ ആൺകുട്ടികളും പെൺകു ട്ടികളും ഈവിഷയത്തോട് വ്യത്യസ്തമായാണ് പ്രതികരിച്ചത്. 75% പെൺകുട്ടികൾ യൂണിഫോം വേണമെന്ന് ആവശ്യപ്പെടുമ്പോൾ 45% ആൺകുട്ടികളും യൂണിഫോം വേണ്ട എന്ന് അഭിപ്രായ പ്പെടുന്നു.

### പത്രം വായന

ദിവസവും നിങ്ങൾ പത്രം വായിക്കാറുണ്ടോ എന്ന ചോദ്യത്തിന് കോളേജിലെ വിദ്യാർത്ഥികളിൽ 60%-വും ഇല്ല എന്ന മറുപടിയാണ് നൽ കിയത്.



ഇതിൽ 55% പെൺകുട്ടികളും 65% ആൺകുട്ടികളുമാണ്. കേവലം 40% വിദ്യാർത്ഥികൾ മാത്രമാണ് ദിവസവും പത്രം വായിക്കാറുള്ളത്. അതിൽ തന്നെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും അരമണിക്കൂറിൽ താഴെ മാത്രം പത്രം വായിക്കുന്നവരാണ്.

സ്മാർട്ട് ഫോണുകളുടെയും നവമാധ്യമങ്ങളുടെയും ഉപയോഗം വർദ്ധിച്ചതും പത്രപാരായണത്തെ സാരമായി ബാധിച്ചതായി കണക്കാക്കേണ്ടിയിരിക്കുന്നു.

### സമൂഹ മാധ്യമങ്ങളുടെ കടന്നുകയറ്റം

കോളേജിലെ 91% വിദ്യാ ർത്ഥികളും സ്മാർട് ഫോൺ ഉപയോഗിക്കുന്നവരാണ് ഇതിൽ 99% ആൺകുട്ടികളും 86% പെൺകുട്ടികളും ഉൾപെടുന്നു. യുവജനതയുടെ ഇടയിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഉപകരണമായി സ്മാർട് ഫോണുകൾ മാറിയിരിക്കുന്നു എന്ന് സർവ്വേ ഫലം വ്യക്തമാക്കുന്നു.

കോളേജിലെ 75% വിദ്യാർത്ഥികളും കൂടുതൽ ഇഷ്ടപ്പെടുന്ന സമൂഹമാധ്യമം വാട്സആപ്പ് ആണ്. യൂറ്റ്യൂബും ഫേസ്ബുക്കും ഇൻസ്റ്റാഗ്രാമും ബഹുദൂരം പിന്നിലാണ്.

| പത്രവായന | | | സമൂഹമാധ്യമം | | |
|---|---|---|---|---|---|
| ചിലവിടുന്ന സമയം | M/F | % | ചിലവിടുന്നസമയം | M/F | % |
| 1/2 മണിക്കൂർ | M | 86% | 1 മണിക്കൂറിൽ താഴെ | M | 20% |
| | F | 76% | | F | 36% |
| 1/2 –1 മണിക്കൂറിനും ഇടയിൽ | M | 14% | 1 - 2 മണിക്കൂറിനും ഇടയിൽ | M | 25% |
| | F | 24% | | F | 30% |
| 1മണിക്കൂറിനുമുകളിൽ | M | NIL | 2 മണിക്കൂറിനുമുകളിൽ | M | 55% |
| | F | NIL | | F | 33% |

കേവലം അരമണി ക്കൂർ മാത്രം പത്രം വായിക്കാൻ ചെലവഴിക്കുന്ന വിദ്യാർത്ഥികൾ സമൂഹ മാധ്യമങ്ങളിൽ ചെലവഴിക്കുന്ന സമയം രണ്ടു മണിക്കൂറിനും മുകളിൽ ആണ്. 30% വിദ്യാത്ഥികൾ ഒരു മണിക്കൂറിൽ താഴെയും 28% വിദ്യാർത്ഥികൾ ഒരു മണിക്കൂറിനും രണ്ടു മണിക്കൂറിനുമിടയിലും സമൂഹ മാധ്യമങ്ങളിൽ സമയം ചെല വഴിക്കുമ്പോൾ 42% വിദ്യാർ ത്ഥികൾ രണ്ടു മണിക്കൂറിന് മുക ളിലാണ് ഒരു ദിവസം സമൂഹ മാധ്യമങ്ങളിൽ ചെലവിടുന്നത്. ഇതിൽ 33% പെൺ കുട്ടികളും 55% ആൺകുട്ടികളുമാണ്. 36% പെൺകുട്ടികളും ഒരു മണിക്കൂറിൽ താഴെ സമയം സമൂഹ മാധ്യമങ്ങളിൽ ചെലവിടുമ്പോൾ 20% ആൺകുട്ടികൾ മാത്രമാണ് ഒരു മണിക്കുറിൽ താഴെ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്.

### പ്രണയവിവാഹം

ഭൂരിപക്ഷം പെൺകുട്ടികളും (69%) മാതാപിതാക്കൾ ആലോചിച്ചുറപ്പിച്ചുള്ള വിവാഹത്തെ അനുകൂലിക്കുന്നവരാണ്. കേവലം (31 %) മാത്രമാണ് പ്രണയ വിവാഹത്തോട് യോജിപ്പ് പ്രകടിപ്പിച്ചത്. ആൺകുട്ടികൾ പ്രണയ വിവാഹത്തിനും (50%) ആലോ ചിച്ചുറപ്പിച്ചുള്ള വിവാഹത്തിനും (50%) തുല്യ പ്രാധാന്യം നൽകി. ഇതിനോട് ചേർന്ന് തന്നെ മിശ്രവിവാഹത്തോട് (55 %) ആൺകുട്ടികൾ യോജിക്കുമ്പോൾ (70 %) പെൺകുട്ടികൾ ഇതിനോട് വിയോജിക്കുന്നു. യുവത്വത്തിന്റെ വിവാഹ സങ്കല്പങ്ങൾ വ്യക്തമാക്കുന്ന രീതിയിലുള്ളതായിരുന്നു സർവ്വേഫലം.


### വിവാഹാനന്തരജീവിതം

വിവാഹാനന്തരജീവിതത്തിൽ (95 %) ആൺകുട്ടികളും (79 %) പെൺകുട്ടികളും മാതാപിതാക്കളോടൊപ്പം താമസിക്കാൻ ആഗ്രഹിക്കുന്നു. കേവലം (5 %) ആൺകുട്ടികൾ മാത്രമേ ഭാര്യയും ഭർത്താവുംമാത്രമായി താമസിക്കാൻ ആഗ്രഹിക്കുന്നുള്ളു. എന്നാൽ (21 %) പെൺകുട്ടി കളും ഭാര്യയും ഭർത്താവും മാത്രമായി ജീവിക്കാൻ ആഗ്ര ഹിക്കുന്നുവെന്നത് ശ്രദ്ധേയമായ നിരീക്ഷണമാണ്.

### അടുത്ത പ്രധാനമന്ത്രിയാര്?

യുവനേതാവായ കോൺഗ്രസ്സ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകാൻ ക്യമ്പസ്സിലെ(44%) വിദ്യാർത്ഥികളും ആഗ്രഹിക്കുന്നു. തൊട്ട് പിന്നാലെ ജവഹർലാൽ നെഹ്റു സർവ കലാശാലയിലെ യൂണിയൻ മുൻ പ്രസിഡന്റ് നേതാവ് കനയ്യ കുമാർ (28%) പ്രധാനമന്ത്രിയായി കാണാൻ ആഗ്രഹിക്കുന്നു. എന്നാൽ പ്രധാന മന്ത്രി നരേന്ദ്രമോദിക്ക് അഞ്ചാം സ്ഥാനമാണ് കിട്ടിയത്.

അടുത്ത പ്രധാനമന്ത്രിയാര്?




**ആൻമരിയ, മേരി & വിഷ്ണു**

Lantern
March 22, 2018


## മികവ് പ്രകടിപ്പിച്ച് ജുവൽ ബെന്നി



**ക്യാമ്പസ്:** തൽസൈനിക് ക്യാമ്പിൽ നുറു ദിവസം മികച്ച പ്രകടനം കാഴ്ചവച്ച രണ്ടാം വർഷ ഫിസിക്സ് വിദ്യാർത്ഥി ജുവൽ ബെന്നി കോളേജിന്റെ അഭിമാനമായി. പത്താമത്തെ ക്യാമ്പ് ന്യൂഡൽഹിയിൽ വച്ചും ബാക്കി ഒൻപത് ക്യാമ്പുകൾ കോഴിക്കോടുമാണ് നടന്നത്. ക്യാമ്പ് വേറിട്ട നിരവധി അനുഭവങ്ങൾ നൽകി. നിരവധി ക്ലാസുകളും ലാബുകളും നഷ്ടപ്പെട്ടെങ്കിലും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ധൈര്യം ക്യാമ്പുകളിലൂടെ ലഭിച്ചു എന്ന് ജുവൽ പറഞ്ഞു.

*അഖിൽ ജോർജ്*

## ക്വിസ് മത്സരം

**ക്യാമ്പസ്:** ഗണിതശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ സിഗ്മ-2018 ക്വിസ് മത്സരം സംഘടിപ്പിച്ചു. 9 കോളേജുകൾ പങ്കെടുത്തമത്സരത്തിൽ മുട്ടിൽ കോളേജ് ഒന്നാം സ്ഥാനവും, പഴശ്ശിരാജ കോളേജ് മട്ടന്നൂർ രാണ്ടാം സ്ഥാനവും, മേരി മാതാ കോളേജിലെ മിഥുന അജിത്ത്, അഞ്ജലി ഫ്രാൻസിസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

*റഹീന & നയന*

# അഗ്നിശമനസേന പ്രദർശനം സംഘടിപ്പിച്ചു

**ക്യാമ്പസ്:** ദുരന്ത നിവാരണ ദിനത്തിന്റെ ഭാഗമായി അഗ്നിശമന സേന സാഹസീകമായി ജീവൻ സുരക്ഷാ പ്രവർത്തനങ്ങൾ ഏർപ്പെടുന്നതെ ങ്ങനെയെന്നതിന്റെ പ്രദർശനം മേരി മാതാ കോളേജിൽ സംഘടിപ്പിച്ചു. കോളേജ് കെട്ടിടത്തിന്റെ മൂന്നാം നിലയിൽ നിന്ന് അഗ്നിശമനസേന അപകടത്തിൽപ്പെട്ട ഒരാളെ എങ്ങനെ രക്ഷിക്കണമെന്നും അഗ്നി സാധ്യതയുണ്ടായാൽ അത് എങ്ങനെ മറികടക്കണമെന്നും അവർ വിദ്യാർത്ഥികൾക്ക് കാണിച്ചുകൊടുത്തു. ഒരു ബഹുനില കെട്ടിടത്തിനുള്ളിൽ അബോ ധാവസ്ഥയിൽ ആയിരിക്കുന്ന വ്യക്തിയെ ഗോവണിയിലൂടെ താഴെയിറക്കുന്നതും അഗ്നിബാധയേറ്റ കെട്ടിടത്തിലെ അഗ്നി ഫയർ എഞ്ചിന്റെ സഹായത്തോടെ അണക്കുന്നതും മറ്റു വിദ്യാർത്ഥികൾക്ക് കാണിച്ചു കൊടുത്തു. അപകട സാധ്യതകളെ വിദ്യാർത്ഥികൾ എങ്ങനെ നേരിടണമെന്നുള്ള സന്ദേശം കൂടിയായിരുന്നു ഈ പ്രദർശനം.

*അഖിൽ ജോർജ്*



*അഗ്നിശമന പ്രവർത്തനങ്ങളുടെ ബാലപാഠങ്ങൾ*

## കലാജാഥ അവതരിപ്പിച്ചു

**ക്യാമ്പസ്:** കലാലയ രാഷ്ട്രീയവും അതിന്റെ ആവശ്യകതയും പ്രധാന വിഷയമായി അരങ്ങേറിയ തെരുവു നാടകം വിദ്യാർത്ഥികളെ ആവേശം കൊള്ളിച്ചു. കലാലയ രാഷ്ട്രീയം വിദ്യാർത്ഥികളുടെ ക്ഷേമത്തിനും നിലനിൽപിനും ആവശ്യമാണെന്നും അതവർക്ക് ധൈര്യം പകരുമെന്നും അഭിനേതാക്കൾ അക്കമിട്ടു പറഞ്ഞു. പൊതു ഇടങ്ങളിലും മറ്റും വിദ്യാർത്ഥികൾ അനുഭവിക്കുന്ന പീഡനങ്ങളും നാടകത്തിലെ മറ്റും പ്രമേയങ്ങളായിരുന്നു.

*മുബഷിറ & അജ്മില*

# ലിഫ്റ്റ്, വിശ്രമമന്ദിര നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിൽ

**ക്യാമ്പസ്:** കോളേജിന്റെ അടിസ്ഥാനസൗകര്യങ്ങൾക്ക് തിലകക്കുറിയാകുന്ന വിശ്രമമന്ദിരത്തിന്റെയും ലിഫ്റ്റിന്റെയും നിർമ്മാണം മെയ് മാസത്തോടെ പൂർത്തീകരിക്കുമെന്ന് മാനേജർ ഫാദർ ജോർജ് മൈലാടൂർ *പറഞ്ഞു*. ഔപചാരികമായ ഉദ്ഘാടനം അടുത്ത അദ്ധ്യയന വർഷത്തോടെ നടക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

യുജിസിയും കോളേജ് മാനേജ്മെന്റും അനുവദിച്ച ഫണ്ടിൽ നിന്നാണ് നിർമ്മാണം നടക്കുന്നത്.



*ലിഫ്റ്റ് നിർമ്മാണം അവസാനഘട്ടത്തിലേക്ക്*

കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായ് നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ കഴിഞ്ഞ മെയ് മാസമാണ് ആരംഭിച്ചത്. മൂന്ന് നില വിശ്രമമന്ദിരത്തിൽ മുറികൾ, ഹെറിറ്റേജ് മ്യൂസിയം, ക്ലാസ് മുറികൾ, ഏസി ആന്റ് നോൺ ഏസി കോൺ ഫറൻസ് ഹാൾ എന്നീ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർ, മുഖ്യാതിഥികൾ, അത്യാഹിത സാഹചര്യങ്ങൾ എന്നിവ മുന്നിൽ കണ്ടു കൊണ്ടാണ് ലിഫ്റ്റ് പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്.

*നാജിയ & ബിബിൻ*

## ജൈവം 2017

***ക്യാമ്പസ്:*** കോളേജ് എൻ എസ് എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 22 മുതൽ 28 വരെ സപ്തദിന ക്യാമ്പ് ജൈവം 2017 സംഘടിപ്പിച്ചു. പ്രകൃതി സൗഹൃദ ആശയങ്ങൾ സമന്വയിപ്പിച്ചുകൊണ്ടാണ് ക്യാമ്പ് നടന്നത്. 5 ആൺ കുട്ടികളും 60 പെൺകുട്ടികളും അടങ്ങിയ വിദ്യാർത്ഥി സംഘം മാനന്ത വാടിയി മുനിസിപ്പാലിറ്റിയിലെ വീടുകൾ സന്ദർശിക്കുകയും ജൈവകൃഷി പ്രോത്സാഹനത്തിനായി സന്ദേശം നൽകുകയും ചെയ്തു. ശ്രീ ടോബി കെ. ജോസ്, ശ്രീ ബിബിൻ ജോസ്, ഡോ രമ്യ, ഡോ സുധ ദേവി എന്നീ അധ്യാപകർ ക്യാമ്പിന് നേതൃത്വം നൽകി.

*ജെനി & രഞ്ജു*

**അഭിപ്രായ സർവ്വേ**

# പെൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കണം

- ***ആൺകുട്ടികളുടെ വിവാഹ പ്രായം കുറക്കുന്നതിനോട് ശക്തമായ എതിർപ്പ്***
- ***പെൺകുട്ടികൾ ജീൻസും ടോപ്പും ധരിക്കുന്നതിനോട് ആൺകുട്ടികൾക്ക് വിയോജിപ്പ്***

*ക്യാമ്പസ്:*പെൺകുട്ടികളുടെ വിവാഹ പ്രായം ആൺകുട്ടികളുടെതു പോലെ 21 ആക്കി ഉയർത്തണം എന്ന അഭിപ്രായത്തോട് കോളേജിലെ 73 % പെൺകുട്ടികളും യോജിക്കുന്നു. എന്നാൽ ഈ അഭിപ്രായത്തോട് 50% ആൺകുട്ടികളും വിയോജിക്കുന്നു. അതോടൊപ്പം തന്നെ ആൺകുട്ടികളുടെ വിവാഹപ്രായം 18 ആക്കി കുറയ്ക്കുന്നതിനോട് ശക്തമായവിയോജിപ്പ് വിദ്യാർത്ഥികൾ (72 %) പ്രകടമാക്കി. ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ (72%) ഈ അഭിപ്രായത്തിനോട് വിയോജിപ്പ് രേഖപ്പെടുത്തി. 18ാം വയസ്സിൽ താലിച്ചരടിൽ കുടുങ്ങാതെ സ്വതന്ത്രരായിരിക്കാനാണ് പെൺകുട്ടികൾ ആഗ്രഹിക്കുന്നതെന്ന് വിവാഹ പ്രായം 21 ആക്കണം എന്ന ആശയത്തോടുള്ള ശക്തമായ അനുകൂലിക്കുന്നതിലൂടെ വ്യക്തമാണ്.

### വസ്ത്രസ്വാതന്ത്ര്യം

പെൺകുട്ടികൾ ജീൻസും ടോപ്പും ധരിക്കുന്നതിനോട് 68 % പെൺകുട്ടികൾ യോജിക്കുമ്പോൾ 50 % ആൺകുട്ടികൾ മാത്രമേ ഇതിനോട് യോജിക്കുന്നുള്ളു. എന്നാൽ 5 ആൺകുട്ടികളിലൊരാൾ (20%) പെൺകുട്ടികളുടെ വസ്ത്രധാരണത്തോട് വിയോജി ക്കുന്നു. പെൺ കുട്ടികളുടെ വസ്ത്രധാരണ രീതികളിൽ ആൺകുട്ടികൾ യാഥാസ്ഥിതിക ചിന്താഗതിക്കാരാണെന്ന് സർവ്വേഫലം നിരീക്ഷി ക്കുന്നു.

പെൺകുട്ടികളും (26%) ആൺകുട്ടികളും(30%) ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്താത്തതും ശ്രദ്ധേയമാണ്.


ആൺകുട്ടികൾ ലോ വെയ്സ്റ്റ് പാന്റ്സ് ധരിക്കുന്നത് അവരുടെ വസ്ത്രസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് എന്ന ആശയത്തോട് 52% പെൺകുട്ടികളും 75%ആൺകുട്ടികളും യോജിക്കുന്നു. എന്ത് വസ്ത്രം ധരിക്കണമെന്നത് അവരവരുടെ സ്വാതന്ത്ര്യമാണെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

### തുല്യപങ്കാളിത്തം

പാത്രം കഴുകൽ, തുണി അലക്കൽ, മുറ്റം അടിക്കൽ തുടങ്ങിയ വീട്ടുജോലികൾ പെൺകുട്ടികൾക്ക് മാത്രമായുള്ളതാണെന്ന സാമ്പ്രദായിക രീതിയോട് (81 %) പെൺകുട്ടികളും എതിർപ്പ് പ്രകടിപ്പിച്ചു.എന്നാൽ (45 %) ആൺകുട്ടികളും ഇതിനോട് വിയോജിക്കുന്നു.

വീട്ടുജോലികൾ പെൺകുട്ടികൾക്ക് മാത്രമുള്ളതാണെന്ന സാമ്പ്രദായിക രീതി മാറണമെന്ന് ആഗ്രഹി ക്കുന്നവരാണ്. ഭൂരിഭാഗം പെൺകുട്ടികളും (40 %) ആൺ കുട്ടികൾ തുല്യപങ്കാളിത്തം എന്ന ആശയത്തോട് യോജിപ്പ് പ്രകടിപ്പിച്ചത് സമൂഹത്തിൽ മാറിവരുന്ന മാനോഭാവങ്ങളുടെ സൂചകങ്ങളാണ്.

*ആൻമരിയ, മേരി & വിഷ്ണു*





***വളർച്ചയുടെ പടവുകൾ : മേരിമാതാ കോളജ് അന്നും (2006) ഇന്നും....***